# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 10**

---

## കേരളത്തിലെ കുടിയേറ്റവും വാർധക്യവും; ശിൽപ്പശാല 14ന്

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷനും (ഐയുസിഎസ്എസ്ആർഇ) കെ.ആർ. നാരായണൻ ചെയർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് സോഷ്യൽ ജസ്റ്റിസും സംയുക്തമായി  കേരളത്തിലെ കുടിയേറ്റവും വാർധക്യവും എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ശിൽപ്പശാല മാർച്ച് 14ന് നടക്കും.*

*കൺവർജൻസ് അക്കാദമിയ കോംപ്ലക്സിൽ രാവിലെ 10.30ന് ആരംഭിക്കുന്ന പ രിപാടിയിൽ വയോജനങ്ങളിൽ കുടിയേറ്റത്തിന്റെ സ്വാധീനം എന്ന വിഷയത്തിൽ ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റിന്റെ ചെയർമാൻ പ്രഫ. എസ്. ഇരുദയ രാജൻ മുഖ്യപ്രഭാഷണം നടത്തും.*

*സെന്റർ ഫോർ ഇന്ത്യൻ മൈഗ്രേഷൻ സ്റ്റഡീസ് എക്സിക്യൂട്ടീവ് ഡയറക്ടർ റഫീഖ് റാവുത്തർ അധ്യക്ഷത വഹിക്കും.*

*വർധിച്ചുവരുന്ന കുടിയേറ്റവും പ്രായമായിക്കൊണ്ടിരിക്കുന്ന ജനസമൂഹത്തെ യും കണക്കിലെടുത്ത് സാമൂഹികവും ജനസംഖ്യാപരവുമായ വെല്ലുവിളികൾ വിശകലനം ചെയ്യുന്ന പരിപാടി വയോജനങ്ങളുടെ പരിചരണവും പിന്തുണയും സാ മുഹിക ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള  സാധ്യതകളെക്കുറിച്ചും ചർച്ച നടത്തും.*

*(പി.ആർ.ഒ/39/1362/2025)*

## ദേശീയ കലോത്സവം; എം.ജി ടീമിന് അഭിനന്ദനം

*നോയിഡയിൽ നടന്ന 38-ാമത് ദേശീയ അന്തർ സർവകലാശാല കലോത്സവ ത്തിൽ ഓവറോൾ മൂന്നാം സ്ഥാനം നേടിയ  മഹാത്മാ ഗാന്ധി സർവകലാശാലാ ടീമി നെയും ഏകോപനം നിർവഹിച്ച ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവീസസി*

നെയും(ഡി.എസ്.എസ്) വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അഭിനന്ദിച്ചു.

അമിറ്റി സർവകലാശാലയിൽ നടന്ന കലോത്സവത്തിൽ 27 ഇനങ്ങളിലായി 148 സർവകലാശാലകളാണ് മാറ്റുരച്ചത്. 15 ഇനങ്ങളിൽ മത്സരിച്ച എം.ജി. സർവകലാശാല മൂന്നിനങ്ങളിൽ ഒന്നാം സ്ഥാനവും ആറിനങ്ങളിൽ രണ്ടാം സ്ഥാനവും മൂന്നിനങ്ങളിൽ മൂന്നാം സ്ഥാനവും നേടി. രണ്ടു മത്സരങ്ങളിൽ നാലാമതെത്തി. അമിറ്റി സർവകലാശാലാ വൈസ് ചാൻസലർ പ്രഫ. ബൽവിന്ദർ ശുക്ല സമ്മാനദാനം നിർവഹിച്ചു.

എം.ജി.സർവകലാശാലാ ഡി.എസ്.എസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ, സെക്ഷൻ ഓഫീസർ ഡോ. ആന്റണി ജോസഫ്, ഉദ്യോഗസ്ഥരായ ടി.കെ. ഉമാദേവി, ശ്രീഗണേഷ്ദേവ് എന്നിവരും ടീമിനൊപ്പമുണ്ടായിരുന്നു.

ഫോട്ടോ ക്യാപ്ഷൻ...

നോയിഡ അമിറ്റി സർവകലാശാലയിൽ നടന്ന അഖിലേന്ത്യ അന്തർസർവകലാശാല കലോത്സവത്തിൽ മൂന്നാം സ്ഥാനം നേടിയ മഹാത്മാ ഗാന്ധി സർവകലാശാലാ ടീം.

(പി.ആർ.ഒ/39/1363/2025)

## പ്രോജക്ട് അസോസിയേറ്റ്; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കൈരളി റിസർച്ച് പ്രോജക്ടിൽ പ്രോജക്ട് അസോസിയേറ്റിന്റെ ഒരൊഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കുറഞ്ഞത് അറുപത് ശതമാനം മാർക്കോടെ കെമിസ്ട്രിയിൽ എംഎസ്സി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്.

നെറ്റ്/ഗേറ്റ് യോഗ്യതയുള്ളവർക്ക് മുൻഗണന. പ്രായം 2025 മാർച്ച് 21ന് 28 വയസിൽ താഴെ. യോഗ്യരായവർ അപേക്ഷ, ബയോഡേറ്റയും അനുബന്ധ രേഖകളും സഹിതം പിഡിഎഫ് ഫോർമാറ്റിൽ anas@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ മാർച്ച് 21ന് മുൻപ് അയയ്ക്കണം. ഫോൺ-95675 44740

(പി.ആർ.ഒ/39/1364/2025)

## എൽ.എൽ.ബി സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര എൽഎൽബി പ്രോഗ്രാമിൽ (ഓണേഴ്സ് 2024 അഡ്മിഷൻ) ഒഴിവുള്ള സംവരണ സീറ്റുകളിൽ മാർച്ച് 12ന് സ്പോട്ട് അഡ്മിഷൻ നടക്കും.

*എസ്.സി, എസ്.ടി, എൽസി-രണ്ടു വീതം, ഈഴവ, ധീവര, വിശ്വകർമ, കുടുംബി, എക്സ് ഒബിസി- ഒന്നുവീതം എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം.*

*യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി രാവിലെ 11.00ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം.*

*സംവരണ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ കഴിഞ്ഞ വർഷത്തെ സർവകലാശാലാ പൊതുപ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് ഇതര വിഭാഗങ്ങളിലുള്ള വിദ്യാർഥികളെ പരിഗണിക്കും.*

*(പി.ആർ.ഒ/39/1365/2025)*

## <u>പ്രാക്ടിക്കൽ</u>

*അഞ്ചാം സെമസ്റ്റർ സിബിസിഎസ്-ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (പുതിയ സ്കീം സ്പെഷ്യൽ റീ അപ്പിയറൻസ് - 2022 അഡ്മിഷനിലെ തോറ്റ വി ദ്യാർഥികൾക്കു മാത്രം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 13ന് കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*അഞ്ചാം സെമസ്റ്റർ സിബിസിഎസ്(സെപ്ഷ്യൽ റീ അപ്പിയറൻസ്- 2022 അഡ്മിഷനിലെ തോറ്റ വിദ്യാർഥികൾക്കു മാത്രം ഫെബ്രുവരി 2025) പരീക്ഷയുടെ ബി.എ മോഹിനിയാട്ടം പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 13ന് തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*അഞ്ചാം സെമസ്റ്റർ ബി.എ കോർപ്പറേറ്റ് ഇക്കണോമിക്സ് മോഡൽ -3 സിബി സിഎസ്(2022ലെ അഡ്മിഷനിൽ തോറ്റ വിദ്യാർഥികൾക്കു മാത്രമുള്ള സ്പെഷ്യൽ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നാളെ( മാർ ച്ച് 12) ന് പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*അഞ്ചാം സെമസ്റ്റർ സിബിസിഎസ് ബിഎ അനിമേഷൻ ആന്റ് ഗ്രാഫിക് ഡി സൈൻ, വിഷ്വൽ ആർട്സ്, ആനിമേഷൻ ആന്റ് വിഷ്വൽ ഇഫക്ട്സ് (പുതിയ സ് കീം-2022 അഡ്മിഷനിലെ തോറ്റ വിദ്യാർഥികൾക്കു മാത്രമുള്ള സ്പെഷ്യൽ റീ അപ്പി യറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(മാർച്ച് 12) മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*ഒന്നാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ്/കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്ട്രോണിക്സ് (സിബിസിഎസ്എസ് 2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് സെപ്തംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 14ന് കീഴൂർ ഡി.ബി കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1366/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**